**കേരള സർക്കാർ**

കേരള വനം വന്യജീവി വകുപ്പ്

നിലമ്പൂർ സൗത്ത് ഡിവിഷൻ &
കരിമ്പുഴ വന്യജീവി സങ്കേതം

**ദർഘാസ് പരസ്യം**

ഡി 30369/2026 തീയതി : 30.06.2026

കേരള ഗവർണ്ണർക്കുവേണ്ടി നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ & കരിമ്പുഴ വന്യജീവി സങ്കേതം വൈൽഡ് ലൈഫ് വാർഡൻ, താഴെ പറയുന്ന പ്രവൃത്തിക്ക് ഗുണനിലവാരമുള്ളതും C.P.R.I/D.G.S&D/E.T.D.C അംഗീകാരമുള്ളതുമായ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തിപരിചയം/പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ്/സിവിൽ ലൈസൻസ്/ എന്നിവയിൽ ഏതെങ്കിലും ഉള്ള കരാറുകാരിൽ/സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു സോളാർ ഫെൻസിംഗുകൾക്ക് നിർദ്ദിഷ്ട ഗുണമെൻമയും, സ്പെസിഫിക്കേഷനും ഉണ്ടായിരിക്കണം. നിബന്ധനകൾ ടെണ്ടർ ഡോക്യുമെന്റിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും, നിബന്ധനകളും www.etender.kerala.gov.in എന്ന വെബ്സൈറ്റിൽ നിശ്ചിത തീയതി മുതൽ ലഭ്യമാകും. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം ദർഘാസ് പ്രമാണവില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളിൽ NEFT വഴിയോ ഓൺലൈനിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമെ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാലിലോ ഓഫീസിൽ സ്വീകരിക്കുന്നതല്ല. എന്നാൽ ഓൺലൈൻ കവറിൽ അപ്ലോഡ് ചെയ്ത എല്ലാ രേഖകളുടേയും അസ്സൽ ടെണ്ടർ തുറക്കുന്ന തീയതിയിൽ നിശ്ചിത സമയത്തിനകം ഈ ഓഫീസിലേക്ക് സ്പീഡ്പോസ്റ്റ് വഴി ലഭിക്കേണ്ടതാണ്.

പ്രവൃത്തിയുടെ ഉദ്ദേശിക്കുന്ന അടങ്കൽ തുക എന്നിവ താഴെപറയും പ്രകാരമാണ്. ടി വിവരങ്ങൾ ഏകദേശം മാത്രമാണ്. യഥാർത്ഥ തുകയും വിവരങ്ങളും ഓൺലൈനിൽ ലഭ്യമായിരിക്കും. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തികളിൽ മാറ്റം വരാവുന്നതാണ്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പി.എ.സി (ലക്ഷം) | നിരത ദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറം വില | നിർമ്മാണ കാലാവധി |
|---|---|---|---|---|---|
| 1 | നിലമ്പൂർ സൗത്ത് ഡിവിഷൻ, കരുളായി റെയിഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പുതിയ 2026 ശങ്കരങ്ങോട് (1962,1963) തേക്ക് തോട്ടത്തിനു ചുറ്റും 3.25 കിലോമീറ്റർ നീളത്തിൽ 4 ലൈൻ സോളാർ ഫെൻസ് നിർമ്മിക്കുന്ന പ്രവൃത്തി. | 8.02 | 20,100 | 1770 (ജി.എസ്.റ്റി/ പ്രോ.ഫീ പുറമെ | കരാർ തീയതി മുതൽ 3 മാസം |

(ദർഘാസ് ഫോറവിലയോടൊപ്പം നിയമപ്രകാരമുള്ള ജി.എസ്.ടി. പ്രത്യേകം അടവാക്കേണ്ടതും ആയതിന്റെ രശീതി/ചെലാൻ ടെണ്ടർ രേഖകളോടൊപ്പം സമർപ്പിക്കേണ്ടതുമാണ്).

**മുകളിൽ പറഞ്ഞിരിക്കുന്ന ടെണ്ടറിനെ സംബന്ധിക്കുന്ന മറ്റുവിവരങ്ങൾ ചുവടെ ചേർക്കുന്നു.**

ദർഘാസ് പ്രമണങ്ങളുടെ വിൽപ്പന :www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

കരാറുകാരുടെ ക്ലാസ്: **C.P.R.I/ D.G.S&D/E.T.D.C** അംഗീകാരമുള്ളതുമായ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തിപരിചയം/ പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് / സിവിൽ ലൈസൻസ് (ഏതെങ്കിലും ഒന്ന്)

| | ടെണ്ടർ തീയതി | റീടെണ്ടർ (ആവശ്യമെങ്കിൽ) |
|---|---|---|
| ദർഘാസ് പ്രമാണം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി | 30-06-2026 5.00 pm | 09-07-2026 4.00 pm |
| ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കാവുന്ന അവസാന തീയതി | 07-07-2026 5.00 pm | 16-07-2026 4.00 pm |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 09-07-2026 11.00 am | 17-07-2026 4.00 pm |

**ഓൺലൈൻ ടെണ്ടറിനോടൊപ്പം 200/ രൂപയുടെ കേരള മുദ്രപേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക ഉടമ്പടി, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ്, പ്രവൃത്തിപരിചയം തെളിയിക്കുന്ന രേഖകൾ/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/, സാധനസാമഗ്രികളുടെ അംഗീകാരം/ ഗ്യാരന്റി സംബന്ധിച്ച രേഖകൾ, മുതലായവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.** ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC/KITM-ൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന contact us-ൽ നിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടുനടത്തുന്ന കോർ ബാങ്കിംങ്ങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല.

പവർഫെൻസിംഗ് സ്ഥാപിച്ച ശേഷം ഗ്യാരണ്ടി കാലയളവിൽ ഇവയ്ക്ക് ആവശ്യമായ പരിചരണം സംബന്ധിച്ച് ജീവനക്കാർ/ വാച്ചർമാർ/ഗുണഭോക്താക്കൾ എന്നിവർക്ക് കരാറുകാരൻ വേണ്ടത്ര അവബോധം ഉണ്ടാക്കി കൊടുക്കേണ്ടതും, ആയതിന് കരാറുകാരന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്. ഗുണനിലവാരമുള്ളതും **C.P.R.I/ D.G.S&D/E.T.D.C** അംഗീകാരമുള്ളതും മറ്റു സർക്കാർ അംഗീകൃത മാനദണ്ഡങ്ങളോ, നിശ്ചിത സ്പസിഫിക്കേഷൻ ഉള്ളതോ ആയ സാമഗ്രികൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇവയുടെ ഗുണനിലവാരം, ഗ്യാരന്റി എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും.

ദർഘാസ് സംബന്ധിച്ചും, നികുതികൾ സംബന്ധിച്ചും വനംവകുപ്പിലും, PWD യിലും നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും

ധനിക്‌ലാൽ ജി,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നിലമ്പൂർ സൗത്ത് ഡിവിഷൻ &
വൈൽഡ്ലൈഫ് വാർഡൻ,
കരിമ്പുഴ വന്യജീവിസങ്കേതം.
(കേരളഗവർണ്ണർക്കുവേണ്ടി).